# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377
തിരുവനന്തപുരം

നമ്പർ. 585/EA3/2023/KDRB

25.03.2023

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആഫീസ് അക്കൗണ്ട്സ് സെക്ഷനിലെ ഉപയോഗത്തിനായി Tally Software install ചെയ്യുന്നതിനായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

മുദ്ര വച്ച ക്വട്ടേഷനുകൾ **10.04.2023 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി** കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം വൈകുന്നേരം 5.15 ന് ഹാജരായിട്ടുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടേയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

പർച്ചേസ് ഓർഡർ നൽകിയാൽ എത്ര ദിവസത്തിനകം ബോർഡ് ആഫീസിൽ Tally Software install ചെയ്ത് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കേണ്ടതാണ്. Tally Software ന്റ വാറണ്ടി, വില (ടാക്സ് തുക പ്രത്യേകമായി കാണിക്കണം ) എന്നിവയെല്ലാം ക്വട്ടേഷനിൽ വ്യക്തമാക്കിയിരിക്കണം. കൂടാതെ Tally Software ഉപയോഗിക്കുന്നതിനെപ്പറ്റിയുള്ള വിശദമായ കാര്യങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ജീവനക്കാർക്ക് പറഞ്ഞു കൊടുക്കേണ്ടതാണ്. പിന്നീടുണ്ടാകുന്ന സംശയങ്ങൾ ദുരീകരിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തു തരേണ്ടതാണ്. വാറണ്ടി സമയത്ത് ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനം തന്നെ വാറണ്ടി സംബന്ധമായ ചുമതല നിർവ്വഹിക്കേണ്ടതാണ്.

കാരണം കാണിക്കാതെ തന്നെ ഏതെങ്കിലും ഒരു ക്വട്ടേഷനോ അല്ലെങ്കിൽ മുഴുവനായോ റദ്ദ ചെയ്യുന്നതിനുള്ള അധികാരം സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്.

സെക്രട്ടറി

പകർപ്പ് :- നോട്ടീസ് ബോർഡ്, വെബ്സൈറ്റ്